# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3146 07/11/2019 ൽ മറുപടിയ്ക്ക്**

## <u>കേരള സംസ്ഥാന സാക്ഷരതാ മിഷന്റെ പ്രവർത്തനം</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ** | **പ്രൊഫ. സി. രവീന്ദ്രനാഥ് (പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രി)** |
| (എ) കേരള സംസ്ഥാന സാക്ഷരതാ മിഷന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) ഉണ്ട്. സംസ്ഥാന സാക്ഷരതാമിഷൻ നടത്തുന്ന പ്രവർത്തനങ്ങൾ വിലയിരുത്തുന്നത് മുഖ്യമന്ത്രി ചെയർമാനായുള്ള ജനറൽ കൗൺസിലും വിദ്യാഭ്യാസവകുപ്പമന്ത്രി ചെയർമാനായുള്ള എക്സിക്യൂട്ടീവ് കമ്മിറ്റിയും അടങ്ങുന്ന മിഷന്റെ ഭരണസമിതികളാണ്. രണ്ടുമാസത്തിലൊരിക്കൽ എക്സിക്യൂട്ടീവ്കമ്മിറ്റിയും വർഷത്തിലൊരിക്കൽ ജനറൽ കൗൺസിലും ചേർന്ന് പ്രവർത്തനങ്ങൾ വിലയിരുത്തിവരുന്നു. |
| (ബി) ജില്ലകളിലെ സാക്ഷരതാ തുടർവിദ്യാഭ്യാസ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനും, ഏകോപിപ്പിക്കുന്നതിനും നിലവിലുള്ള സംവിധാനം എന്താണ്; | (ബി) ഓരോ ജില്ലകളിലും ജില്ലാ ഓഫീസുകളും അതിനുതാഴെയായി പഞ്ചായത്തുതലങ്ങളിൽ പ്രവർത്തിച്ചുവരുന്ന സാക്ഷരതാ തുടർവിദ്യാകേന്ദ്ര ങ്ങളുമുണ്ട്. ജില്ലാ പ്രോജക്ട് കോ-ഓർഡിനേറ്റർമാരാണ് ജില്ലകളിലെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് നടപ്പിലാക്കാൻ നേതൃത്വം നൽകുന്നത്. ജില്ലാതലത്തിൽ നടത്തുന്ന പ്രവർത്തനങ്ങൾ വിലയിരുത്തുന്നത് ജില്ലാപഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായുള്ള ജില്ലാ സാക്ഷരതാസമിതിയാണ്. |
| (സി) സാക്ഷരതാ മിഷൻ നടത്തുന്ന തുടർവിദ്യാഭ്യാസ പ്രവർത്തനങ്ങൾ മൂലം സമൂഹത്തിലുണ്ടായിട്ടുള്ള മാറ്റങ്ങൾ അവലോകനം ചെയ്തിട്ടുണ്ടോ; | (സി) ഉണ്ട്. സാക്ഷരതമുതലുള്ള വിവിധ കോഴ്സുകളുടെ ഗുണഭോക്താക്കൾക്ക് കോഴ്സുകളുടെ ഭാഗമായി ആരോഗ്യ -ശുചിത്വ-നിയമ ബോധവൽക്കരണം നടത്താൻ കഴിയുന്നുണ്ട്. തുല്യതാകോഴ്സ് വിജയകരമായി പൂർത്തിയാക്കുന്നവർ ഉന്നതവിദ്യാഭ്യാസത്തിലും ഉദ്യോഗത്തിലും എത്തിച്ചേരുന്നുണ്ട്. ഇതിലൂടെ ആ വ്യക്തികളുടെയും അവരുടെ കുടുംബത്തിന്റെയും സമൂഹത്തിന്റെയും ജീവിതഗുണനിലവാരത്തിൽ മാറ്റം വരുന്നുണ്ട്. |

(ഡി) മിഷൻ വരുമാന വാർദ്ധക്യ പരിപാടി എന്ന പേരിൽ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; ഇതിലൂടെ ലക്ഷ്യമിട്ടുന്നത് എന്താണ്;

(ഡി) വരുമാന വാർദ്ധക്യ പരിപാടികൾ എന്ന പേരിൽ പ്രത്യേക പദ്ധതി സാക്ഷരതാ മിഷൻ നടപ്പിലാക്കിയിട്ടില്ല.

(ഇ) 2016 മുതൽ ഓരോ വർഷവും സാക്ഷരതാ മിഷന്റെ പ്രവർത്തനങ്ങൾക്കായി വകയിരുത്തിയ തുകയും, ചെലവഴിച്ച തുകയുടെയും വിശദാംശം നൽകുമോ?

(ഇ) 2016- 17 സാമ്പത്തികവർഷം

ബജറ്റിൽ വകയിരുത്തിയ തുക - 15 കോടി രൂപ
ബഡ്ജറ്റ് വിഹിതത്തിൽ
നിന്നും അനുവദിച്ച തുക - 11.25 കോടി രൂപ
ചെലവഴിച്ച തുക - 11.25 കോടി രൂപ

2017- 18 സാമ്പത്തികവർഷം

ബജറ്റിൽ വകയിരുത്തിയ തുക - 15.50 കോടി രൂപ
SDG പ്രകാരം വകയിരുത്തിയ തുക - 12 കോടി രൂപ
ബജറ്റ് വിഹിതത്തിൽ
നിന്നും അനുവദിച്ച തുക - 23.75 കോടി രൂപ
ചെലവഴിച്ച തുക - 23.75 കോടി രൂപ

2018- 19 സാമ്പത്തികവർഷം

ബജറ്റിൽ വകയിരുത്തിയ തുക - 17 കോടി രൂപ

അഡീഷണൽ ആതറൈസേഷൻ
മുഖേന വകയിരുത്തിയ തുക - 5 കോടി

ആകെ - 22 കോടി രൂപ

ചെലവഴിച്ച തുക - 21,11,31,628 രൂപ

(ബാക്കി തുക 2019- 20 സാമ്പത്തിക വർഷത്തിന്റെ തുടക്കത്തിൽ വിനിയോഗിച്ചു.)

2019- 20 സാമ്പത്തികവർഷം

ബജറ്റിൽ വകയിരുത്തിയ തുക - 17.50 കോടി രൂപ

ബജറ്റ് വിഹിതത്തിൽ നിന്നും
ഇതുവരെ അനുവദിച്ച തുക - 9,35,75,017 രൂപ

ഒക്ടോബർ 31 വരെ
ചെലവഴിച്ച തുക - 8,19,13,733 രൂപ

സെക്ഷൻ ഓഫീസർ